# കാക്കപ്പട

-തമ്പി ആന്റണി
തെക്കേക്കുറ്റ

പന്തൽകണ്ട
കാകപ്പട
കൂകിവിളിച്ചു
കുട്ടുകാരേ കാ..... കാ....
മരക്കൊമ്പുകളിൽ
പറന്നിരുന്ന്
ഒളികണ്ണിട്ടുനോക്കി
വിരുന്നുകാരേ.....
വിരുന്നുകാരേ വന്നാട്ടെ....
വിളിക്കാച്ചാത്തമുണ്ണാൻ
വേഗം വരു....
മുറ്റത്തും പന്തലിലും
വെള്ള ഖദർമുണ്ടും
ജുബ്ബയുമിട്ടവർ
ഒന്നുമറിഞ്ഞില്ല
സൽഗുണസമ്പന്നനായ
സ്ഥലം എം.എല്ലേയുടെ
ചിലവുചുരുക്കൽ
പെണ്ണുകെട്ടാണ്ന്ന്
കാക്കകളുമറിഞ്ഞില്ല
വെറും ശീതളപാനീയവും
ബിസ്ക്കറ്റും
(ഉഷ്ണപാനീയം
ക്ഷണിക്കപ്പെട്ട സദസ്സിൽ
നേതാവിന്റെ വീട്ടിൽ
അതുവേ..... ഇതു റേ.....)
ഇതെന്തു സദ്യ......?
എച്ചിലില്ലാത്ത
കല്ല്യാണപ്പാർട്ടിയോ.....?
പാവം കാകപ്പട
പതുക്കെമോങ്ങി തുടങ്ങി
അവസാനം
മുഖം നോക്കാതെ
പാർട്ടിക്കാരെ
പ്രാകി പ്രാകി
കാക്കകൾ കൂട്ടത്തോടെ
പറന്നുപോയി.